(ബി) ആരോഗ്യവകുപ്പിൽ 115 പേർക്ക് നിയമനം നൽകാനുണ്ട്.

(സി) & (ഡി) ആരോഗ്യവകുപ്പിൽ സമാശ്വാസപദ്ധതിപ്രകാരം നിയമനം നൽകുന്നത് അപേക്ഷാതീയതിയുടെ മുൻഗണനാക്രമമനുസരിച്ചാണ്. അപേക്ഷാ തീയതിയുടെ അടിസ്ഥാനത്തിൽ, സമാശ്വാസപദ്ധതിപ്രകാരം എൽ. ഡി. ക്ലാർക്കായി നിയമനം ലഭിക്കേണ്ട 53-ാമത്തെ വ്യക്തിയാണ് ശ്രീമതി ലക്ഷ്മി അശോകൻ. പ്രസ്തുത തീയതിയുടെ മുൻഗണനാടിസ്ഥാനത്തിൽ ഒഴിവുകളുടെ ലഭ്യതയനുസരിച്ച് അവർക്ക് നിയമനം നൽകുന്നതാണ്.

മലപ്പുറം ജില്ലയിലെ ആശുപത്രികളിലെ പാർട്ട് ടൈം സ്വീപ്പർമാരുടെ ഒഴിവുകൾ

133 [2569] *ശ്രീ. ഇസ്ഹാക് കുരിക്കൾ:*

,, *സി. മമ്മൂട്ടി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ആശുപത്രികളിൽ പാർട്ട് ടൈം സ്വീപ്പർമാരുടെ ഒഴിവുകളുണ്ടോ;

(ബി) എങ്കിൽ എത്ര ഒഴിവുകളുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ഈ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഇ) ഈ ഒഴിവുകൾ എന്നത്തേക്ക് നികത്തുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 12 ഒഴിവുകൾ.

(സി) ഇല്ല.

(ഡി) 2004 ഒക്ടോബറിൽ 66 ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കുകയുണ്ടായി. അതനുസരിച്ച് 62 ഒഴിവുകളിലേക്ക് 27-6-2005-ലെ ഉത്തരവ് പ്രകാരം നിയമനം നടത്തി. ഒഴിവുകൾ റിപ്പോർട്ട് ചെയ്തതിനുശേഷമുണ്ടായ ഒഴിവുകളാണ് മുകളിൽ കാണിച്ചത് (12). ഇപ്പോൾ നിയമനം നൽകിയവർക്ക് സ്ഥാനക്കയറ്റം നൽകുന്ന മുറയ്ക്ക് ഈ ഒഴിവുകൾകൂടി ഉൾപ്പെടുത്തി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്ക് അയയ്ക്കാവുന്നതാണ്.

(ഇ) ഒഴിവുകൾ നികത്തുന്നതിന് കഴിവതും വേഗം നടപടികൾ സ്വീകരിക്കുന്നതാണ്

GPM. 2/588/2012—21

LIBRARY ARCHIVES Kerala Legislative Assembly